# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3989 — 16.05.2017-ൽ മറുപടിയ്ക്ക്

## പുതിയ പഞ്ചായത്തുകളുടെ രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക് | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലെ ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നത് ഏതൊക്കെ മാനദണ്ഡങ്ങൾ പരിഗണിച്ചാണ്; | (ബി) | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ രൂപീകരണവും പുനഃസംഘടനയുമായി ബന്ധപ്പെട്ട് പുതിയ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകികൊണ്ട് സർക്കാർ 27.11.2014-ലെ സ.ഉ.(സാധാ) നം. 3113/2014/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ വിഭജനം പരിഗണിക്കുമ്പോൾ ജനസംഖ്യ, ഭൂവിസ്തൃതി, പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, ജനങ്ങൾക്ക് മെച്ചപ്പെട്ട സർവ്വീസ് ഡെലിവറി സൗകര്യം, തനതു വരുമാനം എന്നീ ഘടകങ്ങളാണ് പ്രധാനമായും പരിഗണിക്കുന്നത്. |
| (സി) | ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് (4) പ്രകാരം പഞ്ചായത്തുകളുടെ അതിർത്തി വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന ഏതൊരു മാററവും ആ പഞ്ചായത്തിന്റെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ |

| | | | |
|---|---|---|---|
| | | | പുതിയ പഞ്ചായത്തുകളുടെ രൂപീകരണം സംബന്ധിച്ച് ഇപ്പോൾ നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ